**Malayala Manorama**

**20 August 2018**

**Thiruvananthapuram, Flood, Bengal Government, Assistance**

# പത്തു കോടി നൽകി ബംഗാൾ സർക്കാർ; കേരളത്തിനായി രാജ്യം കൈകോർക്കുന്നു

തിരുവനന്തപുരം● കേരളത്തിലെ പ്രളയദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി ബംഗാൾ മുഖ്യമന്ത്രി മമത ബാനർജി 10 കോടി രൂപ പ്രഖ്യാപിച്ചു. ക്രെഡായിയുടെ സഹായത്തിന്റെ ആദ്യ ഗഡുവായ രണ്ടു കോടി രൂപ മുഖ്യമന്ത്രിക്കു കൈമാറി. ടി.വി.സുന്ദരം അയ്യങ്കാർ ആൻഡ് സൺസ് ഒരു കോടി നൽകി.

തമിഴ് സിനിമാതാരങ്ങളായ വിക്രം 35 ലക്ഷം രൂപയും വിജയ് സേതുപതി 25 ലക്ഷം രൂപയും നൽകി. ആന്ധ്രപ്രദേശ് ഉൾപ്പെടെ സംസ്ഥാനങ്ങളിലെ ഐഎഎസ് ഉദ്യോഗസ്ഥർ ഒരു ദിവസത്തെ ശമ്പളം നൽകും. തെലങ്കാന ആഭ്യന്തരമന്ത്രി നൈനി നരസംഹ റെഡ്ഡി നേരിട്ടെത്തി 25 കോടി രൂപ മുഖ്യമന്ത്രിക്കു കൈമാറി.

മഹാരാഷ്ട്ര മുഖ്യമന്ത്രി ദേവേന്ദ്ര ഫഡ്നാവിസ് 20 കോടി രൂപ നൽകും. ഭക്ഷണസാധനങ്ങൾ അയയ്ക്കും.

അണ്ണാഡിഎംകെ നിയമസഭാംഗങ്ങൾ ഒരുമാസത്തെ ശമ്പളം സംഭാവന ചെയ്യും. മഹാരാഷ്ട്രയിലെ ഒന്നര ലക്ഷം ഗസറ്റഡ് ഓഫിസർമാർ ഒരു ദിവസത്തെ ശമ്പളം (30 കോടി രൂപ) കേരളത്തിനു നൽകും; കോൺഗ്രസ് നിയമസഭാംഗങ്ങൾ 61.5 ലക്ഷം രൂപ നൽകും. ശിവസേന നേതാവും പൊതുമരാമത്ത് മന്ത്രിയുമായ ഏക്നാഥ് ഷിൻഡെ, രവീന്ദ്ര ചവാൻ എംഎൽഎ, രാഹുൽ ഷെവാലെ എംപി എന്നിവർ 2.7 ലക്ഷം രൂപ വീതം നൽകും.

14.5 ലക്ഷം ലീറ്റർ ശുദ്ധജലവുമായി പുണെയിൽ നിന്നു വാട്ടർ ട്രെയിൻ കായംകുളത്ത് ഇന്ന് എത്തും.

ദുബായ് ആസ്ഥാനമായ ജെംസ് ഗ്രൂപ്പ് മേധാവി സണ്ണി വർക്കി കേരളത്തിന് 9.5 കോടി രൂപ നൽകും. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്കു ടിവിഎസ് ഗ്രൂപ്പ് ഒരു കോടി രൂപ സംഭാവന ചെയ്തു.

പണവും ദുരിതാശ്വാസ സാമഗ്രികളും കയ്യയച്ചു നൽകാൻ ജെഎസ്ഡബ്ല്യു ഗ്രൂപ്പ് ജീവനക്കാരോട് അഭ്യർഥിച്ചു. വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്കു നേതൃത്വം നൽകാനും സാങ്കേതിക സഹായത്തിനും നിസാൻ ഇന്ത്യ സംഘം കേരളത്തിലെത്തും.